(ഇ) തൊഴിൽ സമരങ്ങൾ മൂലം ഇപ്പോഴും അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോക്കൗട്ട്, ലേ ഓഫ്, ക്ലോഷർ എന്നിവ മൂലം യഥാക്രമം 21, 10, 12 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലോക്കൗട്ട് മൂലം പ്രവർത്തനമില്ലാത്ത സ്ഥാപനങ്ങളിൽ 2993 തൊഴിലാളികളും ലേ ഓഫ് മൂലം പ്രവർത്തനമില്ലാതിരുന്ന സ്ഥാപനങ്ങളിൽ 1961 തൊഴിലാളികളും ക്ലോഷർ മൂലം പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങളിൽ 386 തൊഴിലാളികളും ജോലി ചെയ്തിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 126 സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

(ഡി) ഒത്ത് തീർപ്പിന്റെ കരാറുകൾ ഓരോ സ്ഥാപനത്തിനും വ്യത്യസ്തമാണ്. അവയുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ സമരം മൂലം ഇപ്പോഴും അടഞ്ഞു കിടക്കുന്നു.

1. പാറ്റ്സ്പിൻ ഇൻഡസ്ട്രീസ്, കഞ്ചിക്കോട്, പാലക്കാട്
2. സ്റ്റാർ കാർബൈസ്ഡ്, കഞ്ചിക്കോട്, പാലക്കാട്
3. ഫെറൂക്ക് ടൈൽസ്, കോഴിക്കോട്
4. എക്കോവുഡ് (പി) ലിമിറ്റഡ്, ആലപ്പുഴ
5. മീനാക്ഷി ടൈൽ വർക്ക്സ്, പാലക്കാട്

62 (971) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികൾ

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ വ്യക്തമാക്കാമോ;

(സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ടാക്സികാറുകൾ ഉൾപ്പെടെ ചെറുകിട വാഹനങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇൻഡ്യയിൽ കേരളത്തിലല്ലാതെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ഇപ്രകാരം തൊഴിലാളി ക്ഷേമനിധി പദ്ധതികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട തോട്ടം തൊഴിലാളികൾ, അലക്കു തൊഴിലാളികൾ/ബാർബർ തൊഴിലാളികൾ, തെങ്ങുകയറ്റ കമുകുകയറ്റതൊഴിലാളികൾ എന്നീ വിഭാഗക്കാർക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനം എടുത്തുകഴിഞ്ഞു. സ്വർണ്ണത്തൊഴിലാളികൾ ഉൾപ്പെടെ സ്വയം തൊഴിൽചെയ്തു ഉപജീവനം നടത്തുന്നവരും മറ്റു ജോലികളിൽ നിയോഗിക്കപ്പെട്ടിട്ടുള്ളവരുമായ എല്ലാവിഭാഗം തൊഴിലാളികൾക്കും വേണ്ടി ഇപ്പോൾ നിലവിലുള്ള 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിപരിഷ്കരിച്ച് ക്ഷേമനിധി ബോർഡു രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിനും പുറമേ അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള കാര്യവും പരിശോധിച്ചു വരുന്നു.

(ബി) തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധപദ്ധതികൾ താഴെചേർത്തിരിക്കുന്നവയാണ്.

1. കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി
2. ഭൂരഹിത കർഷക തൊഴിലാളി ക്ഷേമപദ്ധതി
3. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്കുള്ള ധനസഹായം
4. പൂട്ടിക്കിടക്കുന്ന ഫാക്ടറിയിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകുന്ന സാമ്പത്തിക സഹായം.
5. ആട്ടോറിക്ഷാ തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി
6. കൈത്തൊഴിലാളി വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതി

ഇതിനുപുറമേ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന ക്ഷേമനിധികൾ പ്രവർത്തിച്ചുവരുന്നു.

1) കർഷകത്തൊഴിലാളി ക്ഷേമനിധി.
2) കൈത്തറി തൊഴിലാളി ക്ഷേമനിധി.
3) നിർമ്മാണതൊഴിലാളി ക്ഷേമനിധി.
4) അബ്ക്കാരി തൊഴിലാളി ക്ഷേമനിധി.
5) എല്ലാ വിഭാഗം തൊഴിലാളികൾക്കുമായുള്ള കേരള തൊഴിലാളി ക്ഷേമനിധി.
6) ചുമട്ടു തൊഴിലാളി ക്ഷേമനിധി.
7) മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി.
8) തയ്യൽ തൊഴിലാളി ക്ഷേമനിധി.
9) കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി.
10) കശുവണ്ടി തൊഴിലാളി ക്ഷേമനിധി.
11) ബീഡി-ചുരുട്ടു തൊഴിലാളി ക്ഷേമനിധി.
12) ഈറ്റ-തഴ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി.

മറ്റുവകുപ്പുകൾ മുഖേന നടത്തുന്ന ക്ഷേമനിധികൾ താഴെചേർക്കുന്നു.

കയർ തൊഴിലാളി ക്ഷേമനിധി.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധി.
ഖാദി തൊഴിലാളി ക്ഷേമനിധി.

ആധാരമെഴുത്തുകാർക്കും സ്റ്റാമ്പുവിൽപ്പനക്കാർക്കുമുള്ള ക്ഷേമനിധി, അംഗനവാടി ജീവനക്കാർക്കും ഹെൽപ്പേഴ്സിനുമുള്ള ക്ഷേമനിധി, ലോട്ടറി ഏജൻസിക്കുമുള്ള ക്ഷേമനിധി,

അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്കുള്ള ക്ഷേമനിധി.

(സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമപദ്ധതി 1991 വർഷത്തിൽ നിലവിൽവന്നു.

(ഡി) ടാക്സി കാറുകൾ ഉൾപ്പെടെ ചെറുകിട വാഹനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ നിലവിലുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽവരുന്നവരാണ്.

(ഇ) ഇക്കാര്യത്തെക്കുറിച്ച് വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

63 (972) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ ഏതെല്ലാം;

(ബി) ഇവ ഓരോന്നിനും പ്രത്യേക ബോർഡ് ചെയർമാൻ, ഓഫീസ്, ഓഫീസ് സ്റ്റാഫ്, കാൻ എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിനായി ഈ ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ താഴെ പറയുന്നവയാണ്.

1. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള ബിൾഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്.
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.
7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
11. കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്.

LIBRARY ARCHIVES Kerala Legislative Assembly